# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 55 | 27-09-2011-ൽ മറുപടിക്ക്

### കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ.സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. ചന്ദ്രശേഖരൻ

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പുതിയ വൈദ്യുത പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതെല്ലാം;

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഒൻപത് പുതിയ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി - 30 MW.
2. പാമ്പാർ ജലവൈദ്യുത പദ്ധതി - 40 MW.
3. പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി - 24 MW.
4. ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി - 7.50 MW.
5. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി - 6 MW.
6. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി - 163 MW.
7. പാത്രക്കടവ് ജലവൈദ്യുത പദ്ധതി - 70 MW.
8. പൂയംകുട്ടി ജലവൈദ്യുത പദ്ധതി - 210 MW.
9. കാരപ്പാറ കുരിയാർകുട്ടി വിവിധോദ്ദേശപദ്ധതി - 84 MW.

ഇതുകൂടാതെ സംസ്ഥാനത്ത് പ്രകൃതി

വാതകം ഇന്ധനമായി ഉപയോഗിച്ച് കൊണ്ട് കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1200 മെഗാവാട്ടിന്റെയും ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെയും ഓരോ പദ്ധതി സ്ഥാപിക്കാൻ നിർദ്ദേശമുണ്ട്.

(ബി) ഇവ ഓരോന്നും കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ ഒൻപത് ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി - ഒന്നാംഘട്ടം 30.10.2007
2. പാമ്പാർ ജലവൈദ്യുത പദ്ധതി - ഒന്നാംഘട്ടം 30.06.2009
3. പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി - 22.07.2011
4. ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി - 8 Ha. 27.01.1990
5. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി - 6.4795 Ha. - 31.01.2006
6. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി - കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി – 31.12.1996

   വനഭൂമി വിട്ടുകിട്ടുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് – 20.11.1996
7. പാത്രക്കടവ് ജലവൈദ്യുത പദ്ധതി - ഒന്നാംഘട്ട പരിസ്ഥിതിക അനുമതിയ്ക്ക് 14.02.2003 ലും രണ്ടാം ഘട്ട പാരിസ്ഥിതിക അനുമതിയ്ക്കായി നവംബർ 2005 - ലും അപേക്ഷ സമർപ്പിച്ചു. പദ്ധതിയ്ക്കാവശ്യമായ 32.46 Ha. വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ 09.12.2005ൽ സംസ്ഥാന വനം വകുപ്പിന് സമർപ്പിച്ചു.
8. പൂയംകുട്ടി ജലവൈദ്യുത പദ്ധതി - പാരിസ്ഥിതിക അനുമതിയ്ക്കായി 03/1981, വനഭൂമി വിട്ടുകിട്ടാനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 18.03.1987

9. കാരപ്പാറ കരിയാർകുട്ടി വിവിധോദ്ദേശ പദ്ധതി - പാരിസ്ഥിതിക അനുമതിയ്ക്കായി 30.07.1999, വനഭൂമി വിട്ടുകിട്ടുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന് 11/1994

ബ്രഹ്മപുരം പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ 4.79 മില്ല്യൻ മെട്രിക്ക് സ്റ്റാൻഡേർഡ് ക്യൂബിക്ക് മീറ്റേഴ്സ് പെർ ഡേ പ്രകൃതി വാതകം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര വൈദ്യുതി അതോറിറ്റിക്ക് 12.11.2010ൽ സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതിയ്ക്കായുള്ള എത്ര പദ്ധതികളുണ്ടെന്നും ഇവയ്ക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ മറുപടി എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി ഒൻപത് ജലവൈദ്യുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പരിഗണനയിലാണ്.

1. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതിയ്ക്ക് ഒന്നാംഘട്ടം പാരിസ്ഥിതിക അനുമതി 16.09.2008ൽ ലഭിച്ചു. അന്തിമ അനുമതിയ്ക്കായി പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, ജനസമ്പർക്ക പരിപാടിയുടെ പൂർണ്ണ റിപ്പോർട്ട്, അന്തിമ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് എന്നിവ നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.
2. പാമ്പാർ ജലവൈദ്യുത പദ്ധതിയ്ക്ക് ഒന്നാംഘട്ട പാരിസ്ഥിതിക അനുമതി 23.02.2010ൽ ലഭിച്ചു. അന്തിമ അനുമതിയ്ക്കായി പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, (കരട് രൂപം) ജനസമ്പർക്ക പരിപാടിയുടെ പൂർണ്ണ റിപ്പോർട്ട്, അന്തിമ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, ജല ലഭ്യതയേക്കുറിച്ച് സ്വതന്ത്ര ഏജൻസി നടത്തിയ പഠന റിപ്പോർട്ട് എന്നിവ നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.
3. പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുതി പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി 4.57 Ha.ൽ നിന്നും മരം മുറിച്ച് മാറ്റാനുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.
4. ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്കാവശ്യമായ 8 Ha. വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ കേന്ദ്ര

പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

5. പെരുന്തേനരുവി ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കാവശ്യമായ 6.4795 Ha. വനഭൂമി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അന്തിമ അനുമതി 10.08.2011ൽ ലഭിച്ചു.
6. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് 2007ൽ ലഭിച്ച പാരിസ്ഥിതിക അനുമതി റദ്ദുചെയ്യാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടിസിന് വൈദ്യുതി ബോർഡ് നൽകിയ മറുപടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.
7. പാത്രക്കടവ് ജലവൈദ്യുത പദ്ധതിയ്ക്ക് 12.09.2003ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഒന്നാംഘട്ട പാരിസ്ഥിതിക അനുമതി നൽകി. പദ്ധതിയ്ക്കാവശ്യമായ 32.46 Ha. വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുതരാൻ കഴിയില്ല എന്ന സംസ്ഥാന വനം വകുപ്പിന്റെ നിലപാടിനെ തുടർന്ന് 17.01.2006ൽ അന്തിമ പാരിസ്ഥിതിക അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയം നിർദ്ദേശിച്ച നടപടികൾ പൂർത്തീകരിച്ചു വരുന്നു.
8. പൂയംകുട്ടി ജലവൈദ്യുത പദ്ധതിയ്ക്ക് കേന്ദ്ര വനം മന്ത്രാലയം 1991ൽ നിരസിച്ച വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ പുനരാലോചനയ്ക്ക് വിധേയമാക്കണം എന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം ഡോക്ടർ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ പശ്ചിമഘട്ട മലനിരകളെപ്പറ്റി പഠിക്കാൻ നിയോഗിച്ച സമിതി (Western Ghats Ecology Expert Panel)യുടെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയ്ക്ക് 1985ൽ പാരിസ്ഥിതിക അനുമതി ലഭിച്ചത് കാലഹരണപ്പെട്ടു.
9. കാരപ്പാറ കരിയാർകുട്ടി: പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതിയ്ക്കായുള്ള അപേക്ഷ 30.07.1999ൽ സമർപ്പിച്ചു. പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ

വനഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കാമെന്ന് പരിസ്ഥിതി മന്ത്രാലയം അറിയിച്ചു. പ്രസ്തുത പദ്ധതിയ്ക്ക് 76.369 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാനുള്ള അപേക്ഷ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 1998ലും 2000ലും നിരസിയ്ക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ നാലംഗ സമിതിയെ പഠിയ്ക്കാൻ നിയോഗിച്ചു. വനഭൂമിയ്ക്കായുള്ള അപേക്ഷ പുതുക്കി നൽകാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഈ വൈദ്യുത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) അച്ചൻകോവിൽ ജലവൈദ്യുത പദ്ധതിയ്ക്ക് പരിസ്ഥിതി ആഘാത പഠനം നടത്തുകയും കരട് റിപ്പോർട്ടിന്മേൽ ജനസമ്പർക്ക പരിപാടി നടത്തുകയുമുണ്ടായി. അന്തിമ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് 2011 സെപ്റ്റംബറിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലത്തിന് സമർപ്പിക്കുന്നതാണ്.

പാമ്പാർ ജലവൈദ്യുത പദ്ധതിയ്ക്ക് പരിസ്ഥിതി ആഘാത പഠനം നടന്നു വരുന്നു. പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്കും ആവശ്യമായ വനഭൂമി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വനം വൈദ്യുത വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനു മുന്നോടിയായി പദ്ധതിയ്ക്കെതിരെ ആക്ഷേപ മുന്നയിച്ച സംഘടനകളും വ്യക്തികളുമായി സംസ്ഥാന ഊർജ്ജ വകുപ്പ് മന്ത്രി 03.06.2011ൽ യോഗം വിളിച്ചുചേർത്ത് ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത പദ്ധതിയും പൂയംകുട്ടി പദ്ധതിയും ഡോക്ടർ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ പശ്ചിമ ഘട്ട മലനിരകളെപ്പറ്റി പഠിക്കാനായി നിയമിച്ച സമിതിയുടെ പരിഗണനയിലായതിനാൽ സംസ്ഥാനത്തുനിന്നുള്ള എല്ലാ പാർലമെന്റ് അംഗങ്ങൾക്കും രണ്ടു പദ്ധതികളുടേയും ആവശ്യം ചൂണ്ടിക്കാട്ടി സംസ്ഥാന ഊർജ്ജ വകുപ്പ് മന്ത്രി 16.08.2010ൽ കത്ത് നൽകിയിരുന്നു.

കാരാപ്പാറ കുരിയാർകുട്ടി വിവിധോദ്ദേശ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സാമ്പത്തിക കാര്യങ്ങളിൽ ഊർജ്ജ വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ഒരു തീരുമാനത്തിൽ എത്താൻ കഴിയാത്തതിനാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ച തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ